## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 770 28/02/2018-ലെ മറുപടി

### കാലപ്പഴക്കമുള്ള ജലവിതരണ പൈപ്പുകൾ മാറ്റിസ്ഥാപിക്കാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എം.ഉമ്മർ | | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കുടിവെള്ള വിതരണത്തിന് ഉപയോഗിക്കുന്ന പൈപ്പുകൾ കാലപ്പഴക്കമേറിയതാണെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (എ) | പരിശോധിച്ചിട്ടുണ്ട്; നിലവിലുള്ള പദ്ധതികൾ പലതും 50 വർഷത്തിലേറെ പഴക്കമുള്ളതാണ് 1914 ലും 1933 ലും സ്ഥാപിച്ച പൈപ്പുകൾ വരെ ഇപ്പോൾ ഉപയോഗത്തിലുണ്ട് . കാലപ്പപഴക്കം ചെന്നതും ചോർച്ചയുള്ളതുമായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കാനുള്ള നടപടികൾ സ്വികരിച്ച് വരുന്നു. ഇതിൽ തന്നെ ഡ്യുറബിലിറ്റി കുറഞ്ഞ പൈപ്പുകളായ AC പ്രിമോ പൈപ്പുകൾ മുൻഗണന നൽകി മാറ്റി സ്ഥാപിക്കുന്നുണ്ട് കാലഹരണപ്പെട്ട ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് 2016 -17 -ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗം പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി 433 .33 കോടി രൂപ യുടെ 148 പ്രൊപ്പോസലുകൾക്ക് തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തു . പ്രസ്തുത പ്രൊപ്പോസലുകൾ കിഫ്ബിയുടെ പരിഗണനയിലാണ്. അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി കാലഹരണപ്പെട്ട പൈപ്പ് മാറ്റൽ പ്രവൃത്തികൾക്ക് 140 .95 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. ഇവ കൂടാതെ ശുദ്ധ ജല വിതരണം മെച്ചപ്പെടുത്തുന്നതിന് 2017 -18 -ലെ പദ്ധതി വിഹിതം ഉൾപ്പെടുത്തി പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനുള്ള 56 പ്രവൃത്തികൾക്ക് 5957.12 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) കാലപ്പഴക്കം ചെന്ന ജലവിതരണ പൈപ്പുകളിലും മറ്റു പമ്പിംഗ് വസ്തുക്കളിലും നിന്നും കുടിവെള്ളത്തിൽ ലെഡ് കലരുന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;<br>(സി) ഇത് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നതിനാൽ ഏറെ കാലപ്പഴക്കമുള്ള പൈപ്പ് ലൈനുകൾ അടിയന്തരമായി മാറ്റിസ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ബി & സി) | ജല അതോറിറ്റിയുടെ കാലപ്പഴക്കം ചെന്ന ജലവിതരണ പൈപ്പുകളിലും മറ്റു പമ്പിംഗ് വസ്തുക്കളിലും നിന്നും കുടിവെള്ളത്തിൽ ലെഡ് കലരുന്നതായി ഗുണനിലവാര പരിശോധനയിൽ ഇതുവരെ കണ്ടെത്തിയിട്ടില്ല . |

Renuka Sankar
സെക്ഷൻ ഓഫീസർ